LIBRARY ARCHIVES Kerala Legislative Assembly

വടകര മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

218 (668) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിൽ പൊതുമരാമത്തിന്റെ എത്ര റോഡുകൾ ഉണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാലവർഷത്തിൽ എത്ര റോഡുകൾ വടകര മണ്ഡലത്തിൽ ഗതാഗതയോഗ്യമല്ലാതായി മാറിയിട്ടുണ്ട് ; അവ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വടകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിൽ 15 റോഡുകളാണുള്ളത്. (വിശദവിവരം അനുബന്ധമായി ചേർക്കുന്നു.)* കൂടാതെ ദേശീയ പാത-17-ന്റെ കി.മീ 186/105 മുതൽ 203/300 വരെയുള്ള (17.20 കി.മീ) ഭാഗവും ഈ മണ്ഡലത്തിലൂടെ കടന്നുപോകുന്നു.

(ബി) ഈ കാലവർഷത്തിൽ വടകര മണ്ഡലത്തിൽ 3 റോഡുകൾക്ക് (ഓർക്കാട്ടേരി കുഞ്ഞിപ്പള്ളി റോഡ്, കുനിങ്ങാട് പുറമേരി റോഡ്, വടകര തിരുവള്ളൂർ പേരാമ്പ്ര റോഡ്) കേടുപാടുകൾ സംഭവിച്ചിരുന്നു. ഇതിൽ രണ്ട് റോഡുകളിൽ (ഓർക്കാട്ടേരി കുഞ്ഞിപ്പള്ളി റോഡ്, കുനിങ്ങാട് പുറമേരി റോഡ്) പരിഷ്കരണ പ്രവൃത്തിനടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. വടകര, തിരുവള്ളൂർ പേരാമ്പ്ര റോഡിൽ 4-കി.മീ. മുതൽ പരിഷ്ക്കരണ പ്രവൃത്തി നടക്കുന്നുണ്ട്. കി.മീ 0/000 മുതൽ 4/000 വരെ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയപാത-17-ൽ ഉണ്ടായ കേടുപാടുകളും പരിഹരിച്ചിട്ടുണ്ട്.

പരപ്പനങ്ങാടി-ചേളാരി റോഡ് പുനരുദ്ധാരണം

219 (669) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി-ചേളാരി റോഡ് സെൻട്രൽ റോഡ് ഫണ്ടിൽപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) പ്രസ്തുത റോഡിന്റെ ടെണ്ടർ നടപടി ആയോ ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം എന്നേയ്ക്ക് ആരംഭിച്ച് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?